പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ --276 12.10.2011- ലെ മറുപടിക്ക്

## പൊതുമാപ്പ് ലഭിക്കുന്നവരെ നാട്ടിൽ തിരിച്ചെത്തിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന പ്രവാസികളുടെ നിരപരാധിത്വം തെളിയിക്കുവാൻ എന്തെല്ലാം സഹായങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ;<br><br>(ബി)ഇതിനായി വിദേശ മലയാളി സംഘടനകളുടെ സഹായത്തോടെ നിയമ സഹായകേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ & ബി) വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ തുടങ്ങുന്നതിന് ആലോചനയുണ്ട്. ഇതിനായി വിദേശമലയാളി സംഘടനകളുടെ സഹായം ഉചിതമാണെന്നോ ആവശ്യമാണെന്നോ കാണുന്ന പക്ഷം അപ്രകാരം സംഘടനകളുടെ സഹായം ഉൾപ്പെടുത്താവുന്നതാണ്. ഇതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ രണ്ട് കോടി പതിനാലു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

(സി) പൊതുമാപ്പ് ലഭിക്കുന്നവരെ നാട്ടിൽ തിരിച്ചെത്തിക്കാൻ സംഘടനകളുടെ സഹായത്തോടെ പദ്ധതികൾ തയ്യാറാക്കുമോ ?

(സി) വിദേശരാജ്യങ്ങളിൽ നിന്നും പൊതുമാപ്പ് ലഭിച്ച് വരുന്നവരാണെങ്കിലും അടിയന്തിര സാഹചര്യങ്ങളിൽ കൂട്ടമായി ഒഴിപ്പിച്ച് കൊണ്ടുവരുന്നവരാണെങ്കിലും പ്രധാനമായും കേന്ദ്രവിദേശകാര്യ മന്ത്രാലയം/കേന്ദ്ര പ്രവാസികാര്യമന്ത്രാലയം എന്നിവയാണ് ഇവരെ സുരക്ഷിതമായി നാട്ടിൽ എത്തിക്കുന്നതിനുള്ള സംവിധാനം വിദേശരാജ്യങ്ങളിലെ ഇന്ത്യൻ മിഷനുമായി ചേർന്ന് നടത്തിവരുന്നത്. നോർക്ക വകുപ്പ്, നോർക്ക – റൂട്ട്സിന്റെ വിവിധ ഓഫീസുകളിലൂടെ കേന്ദ്ര നിർദ്ദേശം അനുസരിച്ച് പ്രസ്തുത ശ്രമങ്ങൾക്ക് ആവശ്യമായ സഹായം നൽകിവരുന്നുണ്ട്. ഈ സംവിധാനങ്ങളിൽ ഇതുവരെ പാളിച്ചകൾ കണ്ടെത്തിയിട്ടില്ല. എങ്കിലും ആവശ്യമെങ്കിൽ ഈ കാര്യത്തിൽ സംഘടനകളുടെ സഹായം തേടുന്നകാര്യവും പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ